## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2446 18.07.2011 -ലെ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനത്തിനുള്ള പ്രായപരിധി

ചോദ്യം — ഉത്തരം

ശ്രീ. ബി.സത്യൻ — ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ആറ്റിങ്ങൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ എത്ര വർഷത്തെ സീനിയോറിറ്റിയുള്ളവരെയാണ് വിവിധ സ്ഥാപനങ്ങളിൽ ജോലിക്കായി വിളിക്കുന്നത് ; ഇതിൽ പ്രത്യേക പരിഗണന ലഭിക്കുന്നത് ആർക്കൊക്കെയെന്ന് വിശദീകരിക്കാമോ ; | (ബി) | വിവിധ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവിന്റെ സ്വഭാവമനുസരിച്ച് പ്രസ്തുത ഒഴിവുകൾ സംസ്ഥാനം / ജില്ലാ എക്സ്ചേഞ്ച് തലങ്ങളിലാണ് നടപടി സ്വീകരിക്കുന്നത്. ടി ഒഴിവുകൾ അതാത് ഓഫീസുകളിലുള്ള സാമുദായിക സംവരണ പട്ടിക പ്രകാരമാണ് ബുക്ക് ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നത്. സമാന ഒഴിവുകൾക്ക് വിവിധ ജില്ലകളിൽ നടപടി സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ ആഫീസിൽ സൂക്ഷിക്കുന്ന സാമുദായിക സംവരണ ക്രമപട്ടിക പ്രകാരം സംവരണക്രമം പാലിക്കപ്പെടുന്നതിനാലും വിവിധ സംവരണ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വ്യത്യസ്തമായതിനാലും മുൻഗണന, വയസ്സ്, സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ , അടിസ്ഥാനത്തിൽ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും വിവിധ സീനിയോറിറ്റിയുള്ള ഉദ്യോഗാർത്ഥികളെ യാണ് ജോലിയ്ക്കായി പരിഗണിക്കുന്നത്. ആയതിനാൽ വിവിധ സ്ഥാപനങ്ങളിലെ ജോലിക്കായി പരിഗണിക്കുന്നത് ഒരു നിശ്ചിത |

| | | | |
|---|---|---|---|
| | | | വർഷത്തെ സീനിയോറിറ്റിയുള്ള ഉദ്യോഗാർത്ഥികളെയാണ് എന്ന് പൊതുവായി പറയുവാൻ സാധിക്കുകയില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ 35 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, പരേതന്റെ ഭാര്യ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയ സ്ത്രീകൾ, ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാൺമാനില്ല അല്ലെങ്കിൽ ടിയാനെ കുറിച്ച് യാതൊരു വിവരവും ഇല്ലാത്ത സ്ത്രീകൾ, പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ, വികലാംഗർ, ഒരു പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭിച്ച് നിയമാനുസരണം വിടുതൽ ചെയ്ത് സർട്ടിഫിക്കറ്റ് ചേർത്തവർ, Sports Priority, [illegible] Service മുതലായവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (സി) | വിവാഹം കഴിയാത്ത സ്ത്രീകൾക്ക് എത്ര വയസ്സ് കഴിഞ്ഞാലാണ് പരിഗണന ലഭിക്കുന്നത് : വിധവകൾ ആയവരുടെ സീനിയോറിറ്റി ഇപ്പോൾ ഏതുവരെ പരിഗണിച്ചു : | | അവിവാഹിതരായ സ്ത്രീകൾക്ക് 35 വയസ്സ് കഴിഞ്ഞാലാണ് പരിഗണന ലഭിക്കുന്നത്. ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിൽ മേൽ ജാതി, മുൻഗണന, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, സീനിയോറിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുമ്പോൾ, വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും പരിഗണിക്കുന്ന വിധവകൾ ആയവരുടെ സീനിയോറിറ്റി വ്യത്യസ്തമായിരിക്കും. ആയതിനാൽ ഇക്കാര്യത്തിൽ ഏകീകൃതമായ ഒരു സീനിയോറിറ്റി നിശ്ചയിക്കുവാൻ സാധിക്കുകയില്ല. |
| (ഡി) | 50 വയസ്സ് കഴിഞ്ഞവരെ നിയമനത്തിന് പരിഗണിക്കാതെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ആരോഗ്യ വകുപ്പിൽ ഇത്തരക്കാരെ ഒഴിവാക്കുന്നതായി ആക്ഷേപം ഉള്ളത് സംബന്ധിച്ച് വിശദമാക്കാമോ ? | | നിലവിലുള്ള നിയമപ്രകാരം ഒഴിവുകൾക്ക് പരിഗണിക്കുന്ന പ്രായപരിധി 50 വയസ്സ് വരെയാണ്. ഈ പ്രായപരിധി സംസ്ഥാന സർക്കാരിന്റെ പരിധിയിൽ ഉള്ള എല്ലാ വകുപ്പുകൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആറ്റിങ്ങൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

| വിഭാഗം | പുരുഷൻ | സ്ത്രീ |
|---|---|---|
| SSLC ക്ക് താഴെ | 5314 | 9716 |
| SSLC | 15112 | 21578 |
| PDC/HSE | 5353 | 11669 |
| ബിരുദം | 2222 | 5240 |
| ബിരുദാനന്തര ബിരുദം | 75 | 331 |

## കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

| വിഭാഗം | പുരുഷൻ | സ്ത്രീ |
|---|---|---|
| SSLC ക്ക് താഴെ | 3570 | 6430 |
| SSLC | 12765 | 20297 |
| PDC/HSE | 4585 | 6850 |
| ബിരുദം | 2100 | 3150 |
| ബിരുദാനന്തര ബിരുദം | 111 | 142 |

സെക്ഷൻ ഓഫീസർ